## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 278 11/6/2012 ൽ മറുപടിക്ക്

### പോലീസ് സേന ശക്തിപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എ. അസീസ് | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) പോലീസ് സേന ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) വ്യത്യസ്ത പോലീസ് വിഭാഗങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ സേനാംഗങ്ങളുടെ അംഗസംഖ്യ വർദ്ധിപ്പിക്കുക, നവീകരണ പദ്ധതി പ്രകാരവും ആസൂത്രണ കമ്മീഷൻ ധനസഹായത്തോടെയും ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകുക, നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തുക എന്നിങ്ങനെ പോലീസ് സേന ശക്തിപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| (ബി) സൈബർ ക്രൈമുകൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവ നിയന്ത്രിക്കുന്നതിന് കൂടുതൽ സൈബർ സെല്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) നിലവിൽ ഓരോ പോലീസ് ജില്ലയിലും സൈബർ ക്രൈം അന്വേഷണത്തിന് സഹായിക്കുന്നതിന് ഒരു സൈബർ സെൽ പ്രവർത്തിച്ചുവരുന്നു. ഇതിനു പുറമെ പോലീസ് ആസ്ഥാനത്ത് ഒരു ഹൈടെക് എൻക്വയറി സെൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്ത് ഒരു സൈബർ പോലീസ് സ്റ്റേഷൻ ഡി.വൈ.എസ്.പി എസ്.സി.ആർ.ബി യുടെ കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിച്ചു വരുന്നു. കൊച്ചിയിൽ തൃക്കാക്കര ഇൻഫോ പാർക്കിൽ ഒരു സൈബർ പോലീസ് സ്റ്റേഷൻ കൂടി ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. നിലവിലുള്ള പോലീസ് സ്റ്റേഷനുകളെ സൈബർ ക്രൈം അന്വേഷണത്തിന് സുസജ്ജമാക്കുന്ന നയമാണ് സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ